**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2973** **03-08-2021 - ൽ മറുപടിയ്ക്ക്**

**വെള്ളൂർ ഇരുമ്പയം സ്റ്റേഡിയം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ** | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2020-21-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വെള്ളൂർ ഇരുമ്പയം പെരുംതട്ട് സ്റ്റേഡിയം പദ്ധതി ഇപ്പോൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ? | (എ) | 2020-21 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമ നമ്പർ 2850ൽ വെള്ളൂർ ഇരുമ്പയം പെരുംതട്ട് സ്റ്റേഡിയം പദ്ധതിയ്ക്ക് കായികവകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 300 ലക്ഷം രൂപ അടങ്കലായും 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് 60 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. നിലവിലെ കോവിഡ് 19 നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ